**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4535** | **19-07-2022 - ൽ മറുപടിയ്ക്ക്**

**ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ ഡെപ്യൂട്ടേഷൻ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരള വനം-വന്യജീവി വകുപ്പിൽ നിലവിൽ എത്ര ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ഉണ്ട്; ഇവരിൽ വനിതകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കാമോ; | (എ) | കേരള വനം-വന്യജീവി വകുപ്പിൽ നിലവിൽ 2418 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരാണ് ജോലി ചെയ്തു വരുന്നത്. ഇവരിൽ 1884 പുരുഷ ജീവനക്കാരും 534 വനിതാ ജീവനക്കാരും ഉൾപ്പെടുന്നു. |
| (ബി) | ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ എത്ര പേർ ഡെപ്യൂട്ടേഷനിൽ വിവിധ കമ്പനി/കോർപ്പറേഷൻ/ ബോർഡ് മുതലായവയിൽ ജോലി ചെയ്യുന്നു; ഡെപ്യൂട്ടേഷനിൽ പോയവരിൽ വനിതകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ മൂന്ന് പുരുഷ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ വിവിധ കമ്പനി/ കോർപ്പറേഷൻ/ ബോർഡ് മുതലായവയിൽ ജോലി ചെയ്യുന്നുണ്ട്. വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പോയിട്ടില്ല. |
| (സി) | ബി.എഫ്.ഒ.മാർ മറ്റ് സ്ഥലങ്ങളിൽ ഏതൊക്കെ തസ്തികകളിൽ ആണ് ജോലി ചെയ്യുന്നത്; ഡെപ്യൂട്ടേഷനിൽ ഉള്ള ബി.എഫ്.ഒ.മാരിൽ പരിശീലനം പൂർത്തിയാക്കാത്തവർ എത്ര പേരുണ്ട്; അവരെ പരിശീലനത്തിന് അയക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ രണ്ട് പേർ കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ലറിക്കൽ തസ്തികയിലും, ഒരാൾ കുടുംബശ്രീയിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ തസ്തികയിലുമാണ് ജോലി ചെയ്യുന്നത്. ടി മൂന്ന് ജീവനക്കാരും പരിശീലനം പൂർത്തിയാക്കിയിട്ടില്ല. ഇവർ ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തിയാക്കി മാതൃവകുപ്പിലേയ്ക്ക് തിരികെ വരുന്ന മുറയ്ക്ക് പരിശീലനത്തിന് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഡെപ്യൂട്ടേഷനിൽ ഉള്ള ബി.എഫ്.ഒ.മാരിൽ എത്ര പേർ അവരുടെ ശമ്പള സ്കെയിലിനേക്കാൾ താഴ്ന്ന ശമ്പള സ്കെയിലുള്ള തസ്തികയിൽ ജോലി ചെയ്യുന്നു; ഉയർന്ന ശമ്പള സ്കെയിലിൽ ഉള്ളവരെ താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ള തസ്തികകളിൽ നിയമിക്കുന്ന നടപടി പരിശോധിക്കുമോ; | (ഡി) | ഡെപ്യൂട്ടേഷനിൽ ഉള്ള ബി.എഫ്.ഒ.മാർ അവരുടെ ശമ്പള സ്കെയിലിൽ തന്നെയാണ് ജോലിയിൽ തുടരുന്നത്. |
| (ഇ) | നിരവധി വനിതകൾ പരിശീലനം പൂർത്തിയാക്കി ദുർഘടമായ വന മേഖലയിൽ ജോലി ചെയ്യുമ്പോൾ പുരുഷൻമാരായ നിരവധി ബി.എഫ്.ഒ.മാരെ മറ്റ് തസ്തികകളിലേക്ക് അയച്ച വകുപ്പിന്റെ നടപടി റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | മൂന്ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ മാത്രമാണ് നിലവിൽ ഡെപ്യൂട്ടേഷനിൽ ഉള്ളത് |

സെക്ഷൻ ഓഫീസർ